കോട്ടയ്ക്കൽ ടൂറിസം വികസനപദ്ധതി

83 (129) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുഞ്ഞാലിമരയ്ക്കാറുടെ ജൻമനാടായ കോട്ടയ്ക്കലിൽ ടൂറിസം സംബന്ധിച്ച എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. കുഞ്ഞാലിമരയ്ക്കാറുടെ നാമത്തിൽ ഒരു സ്മാരകം പണികഴിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 25 ലക്ഷം രൂപ ഇതിലേക്കായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകിയിട്ടുണ്ട്. കോട്ടയ്ക്കലിൽ ആവശ്യമായ ഗവൺമെന്റ് സ്ഥലത്തിന്റെ പരിമിതിമൂലം ഏകദേശം ഒരു കിലോമീറ്റർ അകലെ ഇരിങ്ങലിൽ ഒരു സ്മാരകം നിർമ്മിക്കുവാനാണ് കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഉദ്ദേശിക്കുന്നത്. ഇതിനായി 21.03 ഏക്കർ ഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. അതിൽ 18.57 ഏക്കർ സ്വകാര്യഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ബാക്കി സ്ഥലംകൂടി ഏറ്റെടുക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

ഒരു ആർട്ട് ഗാലറി, മ്യൂസിയം, ലൈബ്രറി എന്നിവയും കൂടാതെ വിനോദ ഉപാധികളും ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കുളനടയിൽ വഴിയോര വിശ്രമകേന്ദ്രം ആരംഭിക്കാൻ നടപടി

84 (130) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനടയിൽ വഴിയോര വിശ്രമകേന്ദ്രം ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രോജക്ട് സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രോജക്ടിന്റെ അടങ്കൽ തുക എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഈ പ്രോജക്ടിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമുണ്ടോ;

(ഇ) ഈ പ്രോജക്ട് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ പ്രോജക്ടിന് ആവശ്യമായ സ്ഥലം സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly